മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മാർച്ച് 4

# വാർത്താക്കുറിപ്പ്

---

## പുന:പരീക്ഷ മാർച്ച് എട്ടിന്

ഫെബ്രുവരി 17 ന് തൊടുപുഴ അൽ അസർ കോളേജിൽ നടന്ന ഒന്നാം സെമസ്റ്റർ എൽ.എൽ.എം. (2020 അഡ്മിഷൻ) 'ലോ ആന്റ് സോഷ്യൽ ട്രാൻസ്ഫോർമേഷൻ' പേപ്പറിന്റെ പരീക്ഷ റദ്ദാക്കുകയും പിന്നീട് ഫെബ്രുവരി 21 ലേക്ക് മാറ്റി വെക്കുകയും ചെയ്തിരുന്നു. പ്രസ്തുത പേപ്പറിന്റെ പുന:പരീക്ഷ മാർച്ച് എട്ടിന് രാവിലെ 9.30 മുതൽ 12.30 വരെ നടക്കും. പരീക്ഷാ കേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ./39/257/2022)

## പരീക്ഷ മാർച്ച് 21 ന്

ഒന്നാം സെമസ്റ്റർ എം.എസ്.സി. (സി.എസ്.എസ്. - 2018, 2017, 2016 അഡ്മിഷൻ സപ്ലിമെന്ററി / 2015, 2014, 2013, 2012 അഡ്മിഷൻ - മേഴ്സി ചാൻസ്) - ക്ലിനിക്കൽ ന്യൂട്രീഷൻ ആന്റ് ഡയറ്ററ്റിക്സ് കോഴ്സിന്റെ ഹ്യൂമൺ സൈക്കോളജി, എം.എസ്.സി ഈലക്ട്രോണിക്സ് കോഴ്സിന്റെ അഡ്വാൻസ്ഡ് നെറ്റ്വർക്ക് ആന്റ് സിസ്റ്റം എന്നീ പേപ്പറുകളുടെ പരീക്ഷ മാർച്ച് 21 ന് നടക്കും.

(പി.ആർ.ഒ./39/258/2022)

## പരീക്ഷാ തീയതി

രണ്ടാം സെമസ്റ്റർ എം.സി.എ. (2020 അഡ്മിഷൻ - റഗുലർ / 2019, 2018, 2017 അഡ്മിഷൻ - - സപ്ലിമെന്ററി / 2015 അഡ്മിഷൻ - സപ്ലിമെന്ററി - അഫിലിയേറ്റഡ് കോളേജ്, സീപാസ് / 2016 അഡ്മിഷൻ - സപ്ലിമെന്ററി - അഫിലിയേറ്റഡ് കോളേജ് / ലാറ്ററൽ എൻട്രി 2016 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾ മാർച്ച് 16 ന് തുടങ്ങും. പിഴയില്ലാതെ മാർച്ച് ഏഴിനും 525 രൂപ പിഴയോടു കൂടി മാർച്ച് എട്ടിനും 1050 രൂപ സൂപ്പർഫൈനോടു കൂടി മാർച്ച് ഒൻപതിനും അപേക്ഷിക്കാം. റഗുലർ വിദ്യാർത്ഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 45 രൂപ നിരക്കിൽ (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാ ഫീസിന് പുറമേ അടക്കണം.

(പി.ആർ.ഒ./39/259/2022)

രണ്ടാം സെമസ്റ്റർ യു.ജി.(സി.ബി.സി.എസ്.എസ്. - 2014 മുതൽ 2016 വരെയുള്ള അഡ്മിഷൻ - റീഅപ്പിയറൻസ് / 2013 അഡ്മിഷൻ - മേഴ്സി ചാൻസ്), രണ്ടാം സെമസ്റ്റർ ബി.എസ്.സി സൈബർ ഫോറൻസിക് (2014 മുതൽ 2018 വരെയുള്ള അഡ്മിഷൻ - റീഅപ്പിയറൻസ്) പരീക്ഷകൾ മാർച്ച് 11 ന് തുടങ്ങും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/260/2022)

ഒന്നാം വർഷ എം.എസ്.സി. മെഡിക്കൽ അനാട്ടമി (2020 അഡ്മിഷൻ - റഗുലർ / 2020 ന് മുൻപുള്ള അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾ മാർച്ച് 18 ന് ആരംഭിക്കും. പിഴയില്ലാതെ മാർച്ച് ഒൻപത് വരെയും 525 രൂപ പിഴയോട്ടു കൂടി മാർച്ച് 10 നും 1050 രൂപ സൂപ്പർഫൈനോട്ടു കൂടി മാർച്ച് 11 നും അപേക്ഷിക്കാം. ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/261/2022)

## പരീക്ഷാ ഫലം

2020 നവംബറിൽ നടന്ന മൂന്ന്, നാല് സെമസ്റ്റർ എം.കോം. (പ്രൈവറ്റ് - റഗുലർ - സപ്ലിമെന്ററി / അദാലത്ത് സ്പെഷ്യൽ മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. 2015 അഡ്മിഷൻ മുതലുള്ളവർ പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും യഥാക്രമം 370 രൂപ, 160 രൂപ നിരക്കിൽ ഫീസടച്ച് മാർച്ച് 18 വരെ ഓൺലൈനായി അപേക്ഷിക്കണം. 2015 അഡ്മിഷന് മുൻപുള്ളവർ നിശ്ചിത ഫീസ് സഹിത മുള്ള അപേക്ഷ മാർച്ച് 18 നകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ലഭ്യമാക്കണം. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ./39/262/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298


2022 മാർച്ച് 4

# വാർത്താക്കുറിപ്പ് (2)

---

**കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ്**

മഹാത്മാഗാന്ധി സർവ്വകലാശാലക്ക് കീഴിലുള്ള കോളേജ് യൂണിയൻ തെരഞ്ഞെടുപ്പുകൾ തൊടുപുഴ അൽ അസ്ഹർ കോളേജ് ഒഴികെയുള്ള സ്ഥാപനങ്ങളിൽ സർവ്വകലാശാലയുടെ ഫെബ്രുവരി 23 ലെ വിജ്ഞാപനമനുസരിച്ച് തന്നെ നടക്കുമെന്ന് രജിസ്ട്രാർ അറിയിച്ചു. ഹൈക്കോടതി ഉത്തരവിൻ്റെ അടിസ്ഥാനത്തിൽ തൊടുപുഴ അൽ- അസർ കോളേജിലെ തെരഞ്ഞെടുപ്പ് മാറ്റിയിട്ടുണ്ട്.

(പി.ആർ.ഒ./39/263/2022)

**താത്ക്കാലിക ഒഴിവ്**

മഹാത്മാഗാന്ധി സർവകലാശാലയിൽ ഫ്രഷ് സോഫ്റ്റ് വെയർ ഡവലപ്പർ തസ്തികയിൽ നിലവിലുള്ള നാല് താത്ക്കാലിക ഒഴിവുകളിലേയ്ക്കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. മാർച്ച്11ന് നടത്തുന്നവാക് - ഇൻ - ഇൻ്റർവ്യൂവിൻ്റെ അടിസ്ഥാനത്തിലായിരിക്കും നിയമനം.യോഗ്യതയും മറ്റ് വിവരങ്ങളും www.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും. -ഫോൺ- 0481 2733303

(പി.ആർ.ഒ./39/264/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ